# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.9)1201/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 09/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.9)1201/23 തീയ്യതി: 09/10/2023

## എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-07-2023 | 27-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-07-2023 | 27-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസിയാബീവി ജെ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ശ്രീമതി മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ
ശ്രീ അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജയ.കെ.എ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീദേവി എൻ | സെക്രട്ടറി | 01-04-2022 | 05-05-2022 |
| ശ്രീ.വി പി മോഹനൻ നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-05-2022 | 20-05-2022 |
| ശ്രീമതി.ശ്രീദേവി എൻ | സെക്രട്ടറി | 21-05-2022 | 11-01-2023 |
| ശ്രീ.വി പി മോഹനൻ നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-01-2023 | 21-01-2023 |
| ശ്രീമതി.ശ്രീദേവി എൻ | സെക്രട്ടറി | 22-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി പി മോഹനൻ നായർ | അസി: സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ജോസ്ന ജോസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.നിഷ.എം.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 12-04-2022 |
| ശ്രീമതി ഹരിത എസ് അശോക് | ഐ സി ഡി എസ് സൂപ്പർവൈസർ | 13-04-2022 | 11-01-2023 |
| ശ്രീമതി ദർശിനി ഷിബു | ഐ സി ഡി എസ് സൂപ്പർവൈസർ | 12-01-2023 | 31-03-2023 |
| ശ്രീമതി.ആര്യ സി ഉണ്ണി | അസി :എഞ്ചിനീയർ | 01-04-2022 | 17-11-2022 |
| ശ്രീ രതീഷ് രവീന്ദ്രൻ | അസി :എഞ്ചിനീയർ | 18-11-2022 | 31-03-2023 |
| ശ്രീ.മനോജ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലിജി സൈമൺ | ഹെഡ്മിസ്ട്രസ്സ് , ഗവ.യുപിഎസ്,ഉപ്പുകണ്ടം | 01-04-2022 | 31-03-2023 |
| ഡോ.ദീപ്തി.കെ.എച്ച് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. ദീയ എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.പ്രിയരഞ്ചൻ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാലക്കുഴ കരിമ്പന | 01-04-2022 | 24-08-2022 |
| ശ്രീമതി.ഗീതു അനിൽകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാലക്കുഴ,കരിമ്പന | 25-08-2022 | 08-11-2022 |
| ശ്രീമതി.ഗീതു അനിൽകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കരിമ്പന | 09-11-2022 | 31-03-2023 |
| ശ്രീമതി.ശ്രീലക്ഷ്മി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാലക്കുഴ | 09-11-2022 | 31-03-2023 |
| ഡോ.ഗിരിഷ് ജി | മെഡിക്കൽ ഓഫീസർ ,എഫ്എച്ച്സി | 01-04-2022 | 31-05-2022 |
| ഡോ. ബിനീഷ് ഡബ്ല്യു | മെഡിക്കൽ ഓഫീസർ ,എഫ്എച്ച്സി | 01-06-2022 | 20-06-2022 |
| ഡോ. സുനിത അലക്സ് | മെഡിക്കൽ ഓഫീസർ ,എഫ്എച്ച്സി | 21-06-2022 | 31-03-2023 |
| ഡോ. മേരി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 18-03-2023 |
| ഡോ. ശ്രീലത കെ പി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 19-03-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി - ഇ.എഫ്.എം.എസ്. തുക ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് വിഹിതത്തിന്റെ വിശദവിവരം ലഭ്യമല്ല | 1-1-7 |
| 9 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| 21 | ഗ്രാമസഭ | 1-12 |
| 22 | ദുരിതാശ്വാസ നിധി - കാര്യക്ഷമമായി പ്രവർത്തിക്കുന്നു. | 1-13 |
| 23 | ദുരന്ത നിവാരണ കമ്മിറ്റി | 1-14 |
| 24 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-15 |

| | | |
|---|---|---|
| 25 | വസ്തു നികുതി -അപാകതകൾ | 1-16 |
| 26 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 27 | സേവിംഗ്സ് അക്കൗണ്ടിന് പലിശ നാളിതുവരെയും ലഭിച്ചിട്ടില്ല | 1-18 |
| 28 | ഇല്ലിക്കുന്ന് കുടിവെള്ള ടാങ്ക് നിർമ്മാണം- പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ല | 1-19 |
| 29 | സ്പേസ് പദ്ധതി- പദ്ധതി ആരംഭിച്ചിട്ടില്ല. | 1-20 |
| 30 | തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |
| 31 | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-22 |
| 32 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതി- അപാകതകൾ | 1-23 |
| 33 | പിഎംഎവൈ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-24 |
| 34 | 'ഹരിത മിത്രം' സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനക്ഷമമായില്ല | 1-25 |
| 35 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അപാകതകൾ | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പാലക്കുഴ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 17.06.2023 ലെ 2/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 01.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാലക്കുഴ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാലക്കുഴ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കാക്കനാട്

തീയതി:09.10.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3524178/- യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4821328/- യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്

### 1-1-4 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-5 തൊഴിലുറപ്പ് പദ്ധതി - ഇ.എഫ്.എം.എസ്. തുക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് നേരിട്ട് നൽകിയ കൂലിത്തുക പദ്ധതിയുടെ ആകെ റവന്യൂ ചെലവിനത്തിൽ ഐ-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. 22-23 വർഷത്തിൽ ഇപ്രകാരം തൊഴിലാളികൾക്ക് നൽകിയിട്ടുള്ള തുക ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-6 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-7 സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് വിഹിതത്തിന്റെ വിശദവിവരം ലഭ്യമല്ല

വാർഷിക ധനകാര്യപത്രിക ബി4 ഷെഡ്യൂളിൽ 320700104 എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹500000/- നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെല്ലാം പ്രോജക്ടുകൾക്കായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമല്ല.

### 1-1-8 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകേണ്ട ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

### 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം, അക്കൗണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്

### 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 19.03.2022 ലെ 1(1)നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 23.03.2022 ലെ 1(1) തീരുമാന പ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്-ചെലവ്, ധനകാര്യപത്രിക പ്രകാരവുമുള്ള യഥാർത്ഥ വരവ് - ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ്(₹) | വാർഷിക ധനകാര്യ പത്രിക പ്രകാരം( ₹) | അന്തരം(₹) |
|---|---|---|---|
| വരവ് | 147009818 | 27835090 | 119174728 |
| ചെലവ് | 144123221 | 24310912 | 119812309 |

ബജറ്റ് പ്രകാരവും വാർഷിക ധനകാര്യപത്രിക പ്രകാരവുമുള്ള യഥാർത്ഥ വരവ് ചെലവുകൾ പരിശോധിച്ചാൽ ഇവ തമ്മിൽ വലിയ അന്തരമുണ്ടെന്ന് വ്യക്തമാണ്. ക്ഷേമ പെൻഷൻ എം എൻ ആർ ഇ ജി എസ്സ് എന്നീ വരവ് ചെലവുകൾ ഉൾപ്പെടുത്തിയാലും വലിയ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹5433266/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹27835090/- |
| ആകെ | ₹33268356/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹24310912/- |
| നീക്കിയിരിപ്പ് | ₹8957444/- |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ്(₹) | അലോട്ട്മെന്റ് പ്രകാരം വരവ്(₹) | പലിശ(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരുപ്പ്(₹) | ചെലവഴിക്കാതെ ലാപ്സായ തുക(₹) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10167759 | | 10167759 | 10167759 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1618138 | | 1618138 | 1618138 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9414000 | | 9414000 | 9414000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4570,000 | | 4570,000 | 4231388 | - | 338612 |
| ധനകാര്യ കമ്മീഷൻ | 0 | 41207 | | 41207 | 41207 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| അവാർഡ് (Untied-ട്രഷറി) | | | | | | | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) 320200104 | 365 | 1996000 | 72642 | 2069007 | 20214219 (Including Bank Charge 19) | 44788 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | 0 | 6149 | | 6149 | 0 | | 6149 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) 320200113 | 1020261 | 2994000 | | 4014261 | 3029479 | 984782 | |
| കേന്ദ്രാവിഷ്കൃത ഫണ്ട്- അങ്കണവാടി പൂരക പോഷകാഹാരം 320100196 | 100428 | 632464 | | 732892 | 686553 | 46339 | |
| എൻ പി ആർ ഡി 320100145 | 458767 | 0 | | 458767 | 452962 | 5805 | |
| റൂറൽ ഹൗസിംഗ് 320100160 | 0 | 775334 | | 775334 | | 775334 | |
| സാക്ഷരത 320100197 | 2696 | 76 | | 2772 | | 2772 | |
| ഗ്രാന്റ് കൃഷി വകുപ്പ് 320200201 | 500000 | - | | 500000 | - | 500000 | |
| ജലനിധി 320300102 | 1726072 | 39431 | | 1765503 | 358869 | 1406634 | |
| വിമുക്തി 320100190 | 39090 | - | | 39090 | - | 39090 | |
| ശുചിത്വമിഷൻ 320100198 | 33438 | 984277 | | 1017715 | 1017715 | 0 | |
| 320800199 (ലൈഫ്- സംസ്ഥാന വിഹിതം) | | 4099599 | | 4099599 | 2444214 | 1655385 | |
| അവാർഡ് 320100200 | | 500,000 | | 500,000 | 417420 | 82580 | |
| ഹെൽത്ത് ഗ്രാന്റ് - രോഗനിർണ്ണയം അടിസ്ഥാന സൗകര്യം 320100202 | | 259942 | | 259942 | 71909 | 188033 | |
| ഹെൽത്ത് ഗ്രാന്റ് - | | 120239 | | 120239 | 69675 | 50564 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഹെൽത്ത് & വെൽഫയർ 320100204 | | | | | | | | |

| ഇനം | ജി ഒ പ്രോജക്ട് |
|---|---|
| വികസന ഫണ്ട് (ജനറൽ) | ₹2025241/- |
| വികസന ഫണ്ട് ( എസ് സി പി) | ₹325862/- |

നോട്ട്

ധനകാര്യ കമ്മീഷൻ അവാർഡ് (Tied) മുൻ വർഷ നീക്കിയിരിപ്പും പലിശയും തൻവർഷം ചെലവഴിച്ചതിനാൽ ഐ 6 ലെ ചെലവ് തുക എ സി ആർ സുലേഖ എന്നിവയുമായി പൊരുത്തപ്പെടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ്(₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 129 | 64832415 | 123 | 40450787 | - | 6 | 95 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 427826 | 427826 | 427501 | 325 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17717367 | 17717367 | 17717367 | 0 |
| ആകെ | 0 | 18145193 | 18145193 | 18145193 | 325 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2140800 | 211 |

| | | |
|---|---|---|
| വിധവാപെൻഷൻ | 5835600 | 576 |
| വാർദ്ധക്യകാലപെൻഷൻ | 16039800 | 1274 |
| വികലാംഗപെൻഷൻ | 1698200 | 153 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 668600 | 9 |
| വിവാഹധനസഹായം | 90000 | 3 |

1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5164/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.07.2019, 25.7.2019 | 01.06.2019-30.6.2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2014-01.03.2014 | 2008-09 മുതൽ 2012-13 വരെ | 15.05.2014 |

1-11 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറി 7/22.07.2023- നെ തുടർന്ന് രസീത് നം. 1230100899/29.07.2023 പ്രകാരം ലൈസൻസ് ഫീസിനത്തിൽ ₹2000/- തിരിച്ചടച്ചു.

1-12 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. തൻവർഷം ഗ്രാമപഞ്ചായത്തിൽ നിയമ പ്രകാരമുള്ള ഇടവേളകളിൽ ഗ്രാമസഭ യോഗം ചേരുകയും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

1-13 ദുരിതാശ്വാസ നിധി - കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത്

പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ ജില്ലാ സഹകരണ ബാങ്കിൽ അക്കൗണ്ട് നം.7985 ആയി ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. തൻവർഷം ₹33,742/- മുന്നിരിപ്പും ₹16,152/- നീക്കിയിരുപ്പും ഉള്ള അക്കൗണ്ടിൽ പലിശ ഉൾപ്പെടെ ₹97,410/- വരവിനത്തിൽ ലഭിച്ചിട്ടുണ്ട്. ടി വർഷം ₹1,15,000/- ചെലവഴിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാണ്.

## 1-14 ദുരന്ത നിവാരണ കമ്മിറ്റി

കേരള സർക്കാരിന്റെ 20.02.2018ലെ ഉത്തരവ് നം.ഡി.എ.1/523/2017 തസ്വഭവ.(ഡി.എ) വകുപ്പ്, തിരുവനന്തപുരം നിർദ്ദേശാനുസരണം പാലക്കുഴ ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ കമ്മിറ്റി (Disaster Management Committee) രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട് സമഗ്ര വിവരങ്ങളടങ്ങുന്ന ദുരന്തനിവാരണ പദ്ധതി ആസൂത്രണരേഖ എന്ന പേരിൽ ഒരു ബുക്ക് ലെറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന വിവരങ്ങൾ ചേർത്തിട്ടുണ്ട്.

1) പൊതു വിവരങ്ങൾ
2) കാലാവസ്ഥ വ്യതിയാനം – ദുരന്ത സാദ്ധ്യത വിശകലനം
3) ദുരന്ത പ്രതികരണ ആസൂത്രണ രേഖ
4) മുന്നൊരുക്കം, പ്രതികരണം, സാമൂഹ്യ ശാക്തീകരണം
5) ശേഷികളും വിഭവങ്ങളും
6) ദുരന്ത ലഘൂകരണ പദ്ധതിയിലേക്കുള്ള പ്രോജക്റ്റ് നിർദ്ദേശങ്ങൾ
7) പ്രധാന ഫോൺ നമ്പരുകൾ

കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് സജീവമായ വിലയിരുത്തലുകളും, ഇടപെടലുകളും നടത്തുന്നത് അഭികാമ്യമാണ്.

## 1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1) ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തേക്കുള്ള (രണ്ട് അർദ്ധവർഷത്തേയും) തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്നു കാണുന്നു . വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് /ഉടമസ്ഥന്റെ പേര് | ലൈസൻസ് നം.(ലൈസൻസ് രജിസ്റ്റർപ്രകാരം) | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ആരിക്കാപ്പിള്ളിൽ സിമന്റ് ബ്രിക്സ് | 81 | 4 |
| 2 | ജെആന്റ് ബി അഗ്രിഗേറ്റ്സ് | 106 | 4 |
| 3 | ജനത എഞ്ചിനീയറിംഗ് വർക്സ് | 40 | 4 |
| 4 | വെൽ വുഡ് ഇന്റസ്ട്രീസ്, പാലക്കുഴ | 28 | 8 |
| 5 | കൃഷ്ണപ്രസാദ് കെ.എസ്, പെട്രോൾ പമ്പ് | 25 | 9 |
| 6 | കാമധേനു ആയുർവേദ ഫാർമസ്യൂട്ടിക്കൽസ് | 22 | 4 |
| 7 | വീനി ബ്രിക്സ്, പാലക്കുഴ | 11 | 4 |
| 8 | യോദ വുഡ്സ് പ്രൈ. ലിമിറ്റഡ്, പാലക്കുഴ | ---- | 14 |
| 9 | മേരി മാത ബോർമ, പാലക്കുഴ | 85 | 4 |

2) ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തേക്കുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത കാലയളവ് (2022-23) |
|---|---|---|
| 1 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | ഒന്നാം അർദ്ധവർഷം |
| 2 | കൃഷ്ണ ഹോട്ടൽ & ഫാമിലി റെസ്റ്റോറന്റ് | ഒന്നാം അർദ്ധവർഷം |
| 3 | കെ.സി.സി.എസ്.ഇ, ഉപ്പുകണ്ടം | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | മാറിക മിൽക്ക് സൊസൈറ്റി | ഒന്നാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/21.07.2023) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തു നികുതി -അപാകതകൾ

1) ഗ്രാമപഞ്ചായത്തിലെ 13/388 B ാം നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 330 ച.മീറ്റർ വിസ്തീർണ്ണമാണുള്ളത്. ടി കെട്ടിടത്തെ 100 ച.മീറ്ററിന് മുകളിലുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ വിഭാഗത്തിൽപ്പെടുത്തി ച.മീറ്ററിന് ₹50/- നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം സഞ്ചയയിൽ മേൽ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഗണത്തിൽ ഉൾപ്പെടുത്തി 2014 മുതൽ ചതുരശ്രമീറ്ററിന് ₹30/- നിരക്കിൽ വസ്തുനികുതി ഈടാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തു നികുതി (ച.മീറ്ററിന് ₹50/- നിരക്കിൽ) (10% ഇളവ്, 20% വർദ്ധനവ്, ലൈബ്രറി സെസ്-5% ഉൾപ്പെടെ ) | ഈടാക്കിയ വസ്തു നികുതി(ച.മീറ്ററിന് ₹30/- നിരക്കിൽ) (10% ഇളവ്, 20% വർദ്ധനവ്, ലൈബ്രറി സെസ്-5% ഉൾപ്പെടെ) | ഈടാക്കിയതിൽ കുറവ്(₹) |
|---|---|---|---|---|
| 13/388B | 330(ച.മീ) | 330*50=16500<br>16500-1650+3300=18150<br>18150+908=19058/- | 330*30=9900<br>9900-990+1980=10890<br>10890+545=11435/- | 7623/- |

2) വസ്തു നികുതി രജിസ്റ്റർ പ്രകാരം ലെനി ബാബു എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 1/31A ാം നമ്പർ കെട്ടിടത്തിന് 243.8 ച.മീറ്റർ വിസ്തീർണ്ണമാണുള്ളത്. ടി സ്ഥാപനത്തിന് ലൈസൻസ് രജിസ്റ്റർ (നം.32) പ്രകാരം സിമന്റ് ബ്രിക്സ് & പേവിംഗ് ടൈൽസ് നിർമ്മാണം നടത്തുന്നതിന് എന്ന ഉപയോഗത്തിനായാണ് 2022-23 കാലയളവിൽ ലൈസൻസ് പുതുക്കിയിട്ടുള്ളത്. ഈ സ്ഥാപനത്തിന് 22.2 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ളതും 27 HP യന്ത്രസാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്നതും 7 ജീവനക്കാർ തൊഴിലെടുക്കുന്നതുമാണ്. ടി കെട്ടിടത്തെ ഇതരവ്യവസായ ആവശ്യത്തിനുള്ളവയുടെ ഗണത്തിൽപ്പെടുത്തി ച.മീറ്ററിന് ₹40/- നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം സഞ്ചയയിൽ മേൽ സ്ഥാപനത്തെ വ്യവസായ ആവശ്യത്തിനുള്ളവ - കൈത്തൊഴിൽ ഷെഡ് ഗണത്തിൽ ഉൾപ്പെടുത്തി 2012 മുതൽ ചതുരശ്രമീറ്ററിന് ₹10/- നിരക്കിൽ വസ്തുനികുതി ഈടാക്കിയിരിക്കുന്നു.

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.4/22.07.2023 (ക്രമ നം.1), 15/26.07.2023 (ക്രമ നം.2) മറുപടി ലഭ്യമായിട്ടില്ല. ക്രമ നമ്പർ 1, 2 ലെ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി ഈടാക്കിയതിൽ കുറവു വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഫോം – 6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-17 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | മൊബൈൽ ടവറിന്റെ പേര്/കെട്ടിട നം. | വസ്തുനികുതി ഈടാക്കാത്ത കാലയളവ് | ഈടാക്കേണ്ട തുക(₹) |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ മൊബൈൽ സർവീസസ് /1/151 | 2019 Ist Half- 2022 Nd Halfവരെ | 17388/- |
| 2 | ബി.എസ്.എൻ.എൽ മൊബൈൽ കമ്മ്യൂണിക്കേഷൻസ് /1/151 A | 2013 Ist Half -2022 Nd Half വരെ | 81260/- |
| 3 | ബി.എസ്.എൻ.എൽ മൊബൈൽ സർവീസസ് / 12/107 | 2019 Ist Half- 2022 Nd Half വരെ | 17692/- |
| 4 | ബി.എസ്.എൻ.എൽ മൊബൈൽ സർവീസസ് / 12/107A | 2013 Ist Half -2022 Nd Half വരെ | 46260/- |

മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/21.7.2023) ലഭ്യമായ മറുപടിയിൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഓൺലൈൻ ആർ.ആർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആർ. ആർ നടപടികളുടെ തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 സേവിംഗ്സ് അക്കൗണ്ടിന് പലിശ നാളിതുവരെയും ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എറണാകുളം ഡിസ്ട്രിക്ട് കോഓപ്പറേറ്റീവ് ബാങ്കിന്റെ കൂത്താട്ടുകുളം ശാഖയിൽ നിലവിലുള്ള അക്കൗണ്ടിലെ (00928100000002) 01.04.22 ലെ നീക്കിയിരുപ്പ് ₹5334/-യാണ്. പാസ്സ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത അക്കൗണ്ടിന് നാളിതുവരെ നിയമാനുസൃത നിരക്കിലുള്ള പലിശ ലഭിച്ചിട്ടില്ല എന്നു കാണുന്നു. പ്രസ്തുത അക്കൗണ്ട് ആരംഭിച്ചത് 15.05.2009 ലാണ്. അക്കൗണ്ടിലുണ്ടായിരുന്ന നീക്കിയിരുപ്പ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| കാലയളവ് | നീക്കിയിരുപ്പ് തുക(₹) | പരാമർശം |
|---|---|---|
| 15.5.2009 – 29.12.2011 | 580500 | പ്രസ്തുത കാലയളവിലെ ഏറ്റവും കുറഞ്ഞ നീക്കിയിരുപ്പ് |
| 10.5.11 – 29.12.11 | 1280934 | ---- |
| 30.12.11 – 1.2.18 | 1055334 | ഇടപാടുകളില്ല. |
| 13.6.18 – 25.5.21 | 775334 | ഇടപാടുകളില്ല. |
| 26.5.21 – 31.3.22 | 5334 | 26.05.21 ൽ ₹770000/- യുബിഐ ലേയ്ക്ക് മാറ്റി. |
| 1.4.22-11.11.22 | 5334 | ഇടപാടുകളില്ല |
| 12.11.22-31.3.23 | 5334 | ഇടപാടുകളില്ല |

ബാങ്ക് ഇടപാടുകളില്ലാതെ ലക്ഷകണക്കിന് രൂപ നീക്കിയിരുപ്പായി വർഷങ്ങളോളം അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നിട്ടും പലിശ ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ലാത്തത് മൂലം ഭീമമായ സാമ്പത്തിക നഷ്ടമാണ് ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ നിന്നും പലിശ ഇനത്തിലുള്ള തുക തിരികെ ലഭിക്കുന്നതിന് നം.400647 /FMDCO1/GP/2022/1885/(1) തീയതി 7.10.2022, നം.എ1-2090/21 തീയതി. 05.01.2023 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരള ബാങ്ക് മാനേജർക്ക് കത്തയച്ചിട്ടുണ്ട്. എന്നിട്ടും നാളിതുവരെയും പലിശയിനത്തിൽ ലഭിക്കുവാനുള്ള തുക ലഭിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതു സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നു. ടി വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽ അപാകതകൾ സംബന്ധിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/26.7.2023) മറുപടി ലഭ്യമായിട്ടില്ല. പലിശയിനത്തിൽ ലഭിക്കുവാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ഇല്ലിക്കുന്ന് കുടിവെള്ള ടാങ്ക് നിർമ്മാണം- പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 4/23 |
| പ്രോജക്ടിന്റെ പേര് | ഇല്ലിക്കുന്ന് കുടിവെള്ള ടാങ്ക് നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹1497000/-(ധനകാര്യ കമ്മിഷൻ അവാർഡ്)<br>₹1040000/-(മറ്റുള്ളവ) |

മേൽ പ്രോജക്ടിൽപ്പെടുത്തി കുടിവെള്ള ടാങ്ക് നിർമ്മാണത്തിന് വാട്ടർ അതോറിറ്റിക്ക് തുക നല്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായുള്ള എഗ്രിമെന്റ് പ്രകാരം 2022 മെയ് 30 ന് പണിപൂർത്തിയാക്കേണ്ടതുമാണ്. എന്നാൽ നാളിതുവരെ വാട്ടർ അതോറിറ്റി ടാങ്ക് നിർമ്മാണം ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/23.07.2023) നല്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വച്ചിട്ടുള്ളതാണെന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും ആണ് പറഞ്ഞിരിക്കുന്നത്. എഗ്രിമെന്റ് പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ട കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്തത് സംബന്ധിച്ച് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടിട്ടില്ലായെന്നുള്ളത് അംഗീകരിക്കാനാവില്ല. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശത്തെ ജനങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നത് പ്രത്യേകം പരിഗണിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കേണ്ട പദ്ധതിപ്പണം നിക്ഷേപ പ്രവർത്തികൾക്കായി മറ്റ്

സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്യിട്ട് എഗ്രിമെന്റ് പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തത് പണം പാഴാക്കുന്നതിന് തുല്യമാണ്. ടാങ്ക് നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെടേണ്ടതാണ്.

1-20 സ്പേസ് പദ്ധതി- പദ്ധതി ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | 20/23 |
| പ്രോജക്ടിന്റെ പേര് | സ്പേസ് പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹124000/- (വികസനഫണ്ട് ജനറൽ)<br>₹80000/- (മറ്റുള്ളവ) |
| ബിൽ നം./തീയതി -തുക | 22120652081101103298/ തീയതി. 28.01.23 - ₹1,24,000/- |

സമഗ്ര ശിക്ഷ കേരളം എറണാകുളം ജില്ലയിലെ ഭിന്നശേഷി വിഭാഗത്തിലെ രോഗികളായ കുട്ടികൾക്ക് വിദ്യാലയ അനുഭവം ഒരുക്കികൊടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് സ്പേയ്സ് പദ്ധതി. വിദ്യാഭ്യാസ അവകാശ നിയമം ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികളുടെ അവകാശങ്ങൾ കൂടി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ളതാണ് എന്ന ബോദ്ധ്യത്തിൽ നിന്നുമാണ് പദ്ധതിയുടെ തുടക്കം. പദ്ധതിക്കായി പാലക്കുഴ ഗവ.ഹയർ സെക്കന്ററി സ്കൂൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം, വിദ്യാലയത്തിൽ വീൽചെയർപാത തുടങ്ങിയ പ്രവർത്തനങ്ങളാണ് പദ്ധതി ലക്ഷ്യമിട്ടതെങ്കിലും, പദ്ധതിക്കായി എസ്.എസ്.എ-ക്ക് ₹124000/- ഗ്രാമപഞ്ചായത്ത് നല്കിയിട്ടുള്ളതല്ലാതെ നാളിതുവരെ യാതൊരു പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/27.07.2023) മറുപടി നല്കിയിട്ടില്ല. സമൂഹത്തിൽ ഏറെ അവശത അനുഭവിക്കുന്ന കുഞ്ഞുങ്ങൾക്കായി വിഭാവനം ചെയ്ത പദ്ധതി യഥാസമയം നടപ്പാക്കാതിരിക്കുന്നത് അഭിലഷണീയമല്ല. പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-21 തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 54/23 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹118734/- (വികസനഫണ്ട് ജനറൽ) |
| ചെലവ്<br>ബിൽ നം./തീയതി - തുക | 22120652081101230289, തീയതി. 23.2.23 - ₹60828/-<br>22120652081101362729, തീയതി. 15.3.23,- ₹11081/-<br>22120652081101400083, തീയതി. 18.3.23 - ₹46799/- |
| ആകെ | ₹118708/- |

മേൽ പദ്ധതിയിൽപ്പെടുത്തി സെന്റ് ജോർജ്ജ് ഇൻഡസ്ട്രി, പട്ടിമറ്റം എന്ന സ്ഥാപനത്തിൽ നിന്നും ₹71909/-ക്ക് ലൈറ്റുകളും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 14 W Led ബൾബ് | 390 |
| സർവ്വീസ് വയർ | 1 |
| ബെഡ് സ്വിച്ച് | 200 |
| ഇൻസുലേഷൻ ടേപ്പ് | 50 Roll |
| പെന്റൻഡ് ഹോൾഡർ | 100 |

എന്നാൽ വാങ്ങിയ ലൈറ്റുകൾ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. തെരുവ് വിളക്കുകളെ സംബന്ധിച്ച്, അവയുടെ എണ്ണം, പോസ്റ്റ് നമ്പർ, മറ്റ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ രജിസ്റ്റർ തയ്യാറാക്കി ലൈറ്റുകൾ എതൊക്കെ

പോസ്റ്റുകളിൽ എന്ന് സ്ഥാപിച്ചുവെന്ന് വ്യക്തത ഉണ്ടെങ്കിൽ മാത്രമേ ലൈറ്റുകൾ കേടാകുന്ന പക്ഷം വാറന്റി പീരിയഡിൽ മാറ്റി സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ. വാങ്ങുന്ന ലൈറ്റുകൾ സ്റ്റോക്കിലെടുക്കുകയോ ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടെന്നുള്ള രേഖ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. വാങ്ങിയ തെരുവ് വിളക്കുകളുടെ വിതരണവും വിനിയോഗ വിവരവും പഞ്ചായത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ലൈറ്റുകൾ കേടായിപോയാൽ വാറന്റിയിൽ മാറ്റി ലഭിക്കുന്നതിനു വേണ്ടിയുള്ള യാതൊരു വിധ നടപടികളും സ്വീകരിക്കുന്നില്ലായെന്നു കാണുന്നു. ഒരു വർഷം ആവശ്യമുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അവയുടെ പരിപാലനം എന്നിവ സംബന്ധിച്ച് യാതൊരുവിധ പഠനവുമില്ല. ഒരു സാമ്പത്തിക വർഷം ആവശ്യമുള്ള സാധാരണ ബൾബുകൾ, LED, CFL എന്നിവ സംബന്ധിച്ച് പ്രാഥമിക ധാരണയില്ല. വർഷാരംഭത്തിൽ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ പരിശോധന നടത്തി ഒരു വർഷം ആവശ്യമുള്ള തെരുവ് വിളക്കുകളുടെ ഡിമാന്റ് എത്രയെന്ന് തിട്ടപ്പെടുത്തി പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം. രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ച് കൃത്യമായ പരിപാലനം ആവശ്യമാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-22 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ ഹോമിയോ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് /നം | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ /17/22-23 |
| അടങ്കൽ തുക | ₹200000/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം ) |
| ആകെ ചെലവ് തുക | ₹200000/- |
| ബിൽ നം./തീയതി/തുക | 1)93/17.11.2022, ₹100000/-<br>2)286/6.3.2023,₹100000/- |

പദ്ധതി പ്രകാരം ₹2,00,000/- യുടെ മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോക്ക് മെഡിക്കൽ ഓഫീസർ മേൽ ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്കായി ലഭ്യമാക്കുവാനും മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ലെങ്കിൽ ആയതു ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/21.7.2023) മരുന്നുകൾ ലഭ്യമാക്കുന്നതിന് 24.7.2023 തീയതിയിൽ ഹോംകോക്ക് കത്തയച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ₹2,00,000/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതി- അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് /നം. | മെൻസ്ട്രുവൽ കപ്പ് വിതരണം 97/22-23 |
| അടങ്കൽ തുക | ₹25800/- (വികസനഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം) |
| ചെലവ് തുക | ₹25800/- |
| ബിൽ നം./തീയതി | 108/25.11.2022 |

സ.ഉ(കൈ) നം.115/2022 ത.സ്വ.ഭ.വ തീയതി 28.5.2022 ഖ. 7.6 - പൊതുജനാരോഗ്യം ഖണ്ഡിക നം.7.6.8 മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ പ്രകാരം എല്ലാ വിഭാഗം വനിതകൾക്കും 100% സബ്സിഡിയിൽ ഗുണനിലവാരം ഉറപ്പാക്കി വിവിധ അളവുകളിലുള്ള മെൻസ്ട്രുവൽ കപ്പ് വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മാർഗരേഖപ്രകാരം ഈ പദ്ധതിയുടെ വിശ്വാസ്യതക്കും സംശയനിവാരണത്തിനും യു.പി.എച്ച്.സി / എഫ്.എച്ച്.സി / പി.എച്ച്.സി / സി.എച്ച്.സി ഡോക്ടറുടെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രചാരണ പരിപാടി നടത്തണം. ബോധവൽക്കരണത്തിനു ശേഷം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന രീതിയും അവലംബിക്കാവുന്നതാണ്. മേൽ പദ്ധതി പ്രകാരം ₹25800/- 86 മെൻസ്ട്രുവൽ കപ്പുകൾ വാങ്ങുന്നതിനായി ഹിന്ദുസ്ഥാൻ ലാറ്റക്സ് ലൈഫ് കെയർ ലിമിറ്റഡിന് നിർവഹണോദ്യോഗസ്ഥൻ നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

1)ടാക്സ് ഇൻവോയിസ് നം. 9423045447 തീയതി 07.01.2023 പ്രകാരം 86 എണ്ണം (@300) മെൻസ്ട്രുവൽ കപ്പുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 69

എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/24.7.2023) മറുപടി ലഭ്യമായിട്ടില്ല. ബാക്കിയുള്ള 17 മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്ത് രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 17 മെൻസ്ട്രുവൽ കപ്പുകളുടെ വിലയായ ₹5100/- -ടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 പിഎംഎവൈ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| പ്രോജക്റ്റ് നം. | S0079/23 | S0078/23 |
|---|---|---|
| പ്രോജക്ടിന്റെ പേര് | പിഎംഎവൈ അധികവിഹിതം അടവാക്കൽ | |
| അടങ്കൽ, ഫണ്ട് | ₹60000/- (വികസനഫണ്ട് - പൊതുവിഭാഗം ₹45000/-, വികസനഫണ്ട് എസ്.സി.പി - ₹15000/-) | ₹140000/- (വികസനഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | ₹60000/- | ₹140000/- |
| ബിൽ നം./തിയതി | 220/01.02.23 –₹45000/-<br>221/01.02.23 –₹15000/- | 219/01.02.23 –₹70000/-<br>223/01.02.23 –₹70000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ സൂചിപ്പിച്ച രണ്ട് പ്രോജക്ടുകളും പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്തിന് പിഎംഎവൈ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിന് വേണ്ടി വിഭാവനം ചെയ്തതാണ്. ആദ്യത്തേത് പട്ടികജാതി വിഭാഗം പദ്ധതിയും, രണ്ടാമത്തേത് പൊതുവിഭാഗം പദ്ധതിയുമാണ്. മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളുടേയും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആയതിനാൽ, വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നത് വരെ രണ്ട് പദ്ധതികളുടേയും ചെലവ് തുകയായ ₹200000/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-25 'ഹരിത മിത്രം' സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനക്ഷമമായില്ല

| പ്രോജക്റ്റ് നം. | S0040/23 | S0121/23 |
|---|---|---|
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം (SO) | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം തുടർപ്രവർത്തനങ്ങൾ |
| അടങ്കൽ, ഫണ്ട് | ₹62000/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | ₹58457/-<br>[വികസനഫണ്ട് പൊതുവിഭാഗം ₹24957/-,<br>കേന്ദ്രാവിഷ്കൃത ഫണ്ട് - ₹33408/-,<br>തനതുഫണ്ട് ₹92/-] |
| ചെലവ് | ₹62000/- [ധനകാര്യകമ്മീഷൻ ഗ്രാന്റ്] | ₹58365/-<br>[വികസനഫണ്ട് പൊതുവിഭാഗം ₹24957/-,<br>കേന്ദ്രാവിഷ്കൃത ഫണ്ട് - ₹33408/-] |
| ബിൽ/ചെക്ക് നം. നം./തിയതി | 64/28.09.22 – 62,000/- | 1) 187/05.01.23 –₹24957/-<br>2) 02054587/28.02.23 –₹33408/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി 2021-22 വർഷത്തിൽ പ്രോജക്റ്റ്നം -147/2022 പ്രകാരം ആറുമാസകാലയളവിലേക്ക് ഹരിതമിത്രം സോഫ്റ്റ് വെയറിന്റെ സർവ്വീസ് ചാർജ്ജ്, എസ്.എം.എസ് സേവനങ്ങൾ എന്നിവക്കുള്ള തുകയായ ₹1,42,900/- കെൽട്രോണിന് മുൻകൂറായി നൽകിയിരുന്നു. 2022-23 വർഷത്തിൽ പ്രോജക്റ്റ് നം. S0040/23 പ്രകാരം QR കോഡ് പതിക്കുന്നതിനും, ലാപ് ടോപ്, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ

ലഭ്യമാക്കുന്നതിനുമായി കെൽട്രോണിന് ₹62000/- നൽകിയിരുന്നു. പ്രോജക്റ്റ് നം.S0121/23 പ്രകാരം കസ്റ്റമർ എൻറോൾമെന്റ് നടത്തിയതിന്റെ ചെലവായി ₹58457/- ഹരിതസേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

1) സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സംബന്ധിച്ച് ഹരിതസേനാംഗങ്ങൾക്ക് പരിമിതമായ പരിശീലനം മാത്രമാണ് ലഭിച്ചിട്ടുള്ളത്. കൂടാതെ കെൽട്രോണുമായിട്ടുള്ള കരാർ പ്രകാരമുള്ള 6 മാസത്തെ സേവനവും അവസാനിച്ചു. ആയതിനാൽ നിലവിൽ കസ്റ്റമർ എൻറോൾമെന്റ് പൂർത്തിയാക്കിയ വീടുകളുടേയും, സ്ഥാപനങ്ങളുടേയും ശുചിത്വമാലിന്യ സംസ്കരണ സേവനങ്ങളും, അവയുടെ മോണിറ്ററിംഗ് പ്രവർത്തനങ്ങളും പൂർണ്ണതോതിൽ ഹരിതമിത്രം ആപ്ലിക്കേഷൻ മുഖേന പ്രവർത്തനക്ഷമമായിട്ടില്ല.

2) നിലവിൽ QR കോഡ് പതിപ്പിച്ചിട്ടുള്ള ചില വീടുകളിലും, സ്ഥാപനങ്ങളിലും QR കോഡ് നശിപ്പിക്കപ്പെട്ടിട്ടുള്ളതായും, മാഞ്ഞ് പോയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വീണ്ടും QR കോഡ് പതിക്കുമ്പോൾ ഹരിതമിത്രം ആപ്ലിക്കേഷനിൽ വീടുകളുടേയും, സ്ഥാപനങ്ങളുടേയും എണ്ണം കൂടുതലായി കാണിക്കുന്നു.

കെൽട്രോണുമായി ബന്ധപ്പെട്ട് ഹരിതമിത്രം അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കി സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 47/23 |
| പ്രൊജക്റ്റിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| നിർവ്വഹണോദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | ₹500000/- (വികസന ഫണ്ട്-ജനറൽ.)<br>₹300000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>₹300000/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| <u>ചെലവ്</u><br>തുക, ബിൽ നം./തീയതി | 1)₹343040/-, BRN NO-301053469/17-1-23<br>2)₹156960/-, BRN NO-301163104/9-2-23<br>3)₹300000/-, BRN NO-301196646/16-2-23<br>4)₹277521/-, BRN NO-300978681/30-12-22<br>5)₹22479/-, BRN NO-301517817/28-3-23 |
| ആകെ | ₹11,00,000/- |

ടി പ്രോജക്റ്റ് പ്രകാരം 2022-23സാമ്പത്തിക വർഷത്തിൽ പാലക്കുഴ ക്ഷീരോല്പാദക സഹകരണസംഘം, മാറിക ക്ഷീരോല്പാദക സഹകരണസംഘം, ഉപ്പുകണ്ടം ക്ഷീരോല്പാദക സഹകരണസംഘം, മൂങ്ങാംകുന്ന് ക്ഷീരോല്പാദക സഹകരണസംഘം, കരമല ക്ഷീരോല്പാദക സഹകരണസംഘം എന്നീ 5 ക്ഷീര സഹകരണ സംഘങ്ങളിലെ ക്ഷീര കർഷകർക്ക് പാലളവിന് അനുസൃതമായി സബ്സിഡി നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ പറയുന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ആയതായി കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക(₹) | അക്കൗണ്ട് നം. | UTR NO. | തുക(₹) ബിൽ നം.&തീയതി. |
|---|---|---|---|---|---|
| 1 | ജോസ് പി.ജെ | 79/- | 009241000003204 | NULL NULL NULL | 156960/-BRN NO.301163104/9-2-23 |
| | | 1361/- | | | 343040/-BRN NO-301053469/17-1-23 |
| | | 1189/- | | | 277521/-, BRN NO-300978681/30-12-22 |
| | ആകെ | 2629/- | | | |

മുകളിൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് വരാതിരുന്നതിന്റെ കാരണം, അതിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിച്ച തുടർനടപടികൾ എന്നിവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/23.7.23) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മാറ്റംവന്നതിനാലാണ് എന്നും എന്നാൽ ഗുണഭോക്താക്കൾ

വിവരം അറിയിച്ചിരുന്നില്ല എന്നും അറിയിച്ചു. പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ വിവരം അറിയിച്ചപ്പോൾ അക്കൗണ്ട് നമ്പർ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള കാലാവധി കഴിഞ്ഞതിനാൽ ടി തുക "Returned To The Government Account" എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ഇത് വ്യക്തമാക്കുന്ന രേഖകൾ ഒന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്യുമ്പോൾ അക്കൗണ്ട് നമ്പറും അതുമായി ബന്ധപ്പെട്ട വിവരങ്ങളും ശരിയാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. അർഹമായ ആനുകൂല്യം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതിന്റെ ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തിയത് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക(₹) | പ്രോജക്ടിന്റെ പേര് | ചെലവ്(₹) | ബാലൻസ്(₹) |
|---|---|---|---|---|
| പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | 628490 | ലൈഫ് (എസ്.സി.) (41/23) | 308490 | 320000 |
| പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | 217800 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ളസ്കോളർഷിപ്പ് (13/23) | 217800 | 0 |
| പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | 600000 | ലൈഫ് (എസ്.റ്റി.) (42/23) | 420000 | 180000 |
| പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | 300000 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി (47/23) | 300000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 21600 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (57/23) | 21600 | 0 |

| | | | | |
|---|---|---|---|---|
| എറണാകുളം ജില്ലാ പഞ്ചായത്ത് | 200000 | ലൈഫ് (എസ്.സി) (41/23) | 200000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 72600 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ളസ്കോളർഷിപ്പ് (13/23) | 72600 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 280000 | ലൈഫ് (എസ്.റ്റി.) (42/23) | 280000 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 300000 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി(47/23) | 300000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഇല്ലിക്കുന്ന് കുടിവെള്ള ടാങ്ക് നിർമ്മാണം (4/23) | 1497000/- | 0 | 1497000/- |

മുൻബാക്കി ഉൾപ്പെടെ ആകെ ₹25,93,000/- ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക(₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം ലഭിച്ച വായ്പ(₹) | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 10380000/- | 7432000/- | 3520000/- | 1694103/- | 0 | 9257897/- |

പ്രോജക്ട് നം. 136/23, 153/23, 155/23 എന്നീ ജി. ഒ. പ്രോജക്ടുകൾ വഴിയാണ് വായ്പ തുക തിരിച്ചടച്ചത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | | |
| 1998-99 | | 2002-03 | കേട് ബാധിച്ച തെങ്ങ് വെട്ടിമാറ്റി പുതിയത് നടുന്നത് - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി | 16.2.2016ൽ ജില്ലാതല മോണിറ്ററിങ്ങ് സമിതിയുടെ മിനിട്ട്സ് പ്രകാരം സാധൂകരണത്തിന് സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. സ.ഉ.(സാധാ) 196/2018 / പ്രകാരം സാധൂകരണം ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. |
| 2014-15 | 2.2 | 2017-18 | പാലക്കുഴ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ 2013-14, 2014-15 വർഷങ്ങളിലെ വസ്തു നികുതി കുടിശിക (വയോ നെറ്റ് വർക്ക് പ്രൈവറ്റ് ലിമിറ്റഡ്, റിലയൻസ് കമ്മ്യൂണിക്കേഷൻസ്, പ്രൈവററ് ലിമിറ്റഡ്) | |
| 2015-16 | 2.5 | 2017-18 | പഞ്ചായത്ത് പരിധിയിലെ പ്രൊഫഷണലുകളുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | |

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹27835090/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹24310912/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹405100/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 200000/- | ഡോ.ദീപ്തി.കെ.എച്ച്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-23 | 5100/- | ഡോ. സുനിത അലക്സ്, മെഡിക്കൽ ഓഫീസർ, എഫ്എച്ച്സി |
| 1-24 | 200000/- | ശ്രീമതി. ഗീതു അനിൽകുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | ₹405100/- | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.
ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ .
ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

,

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ദീപ്തി.കെ.എച്ച്, ഹോമിയോ മെഡിക്കൽ ഓഫീസർ | ഹോമിയോ മെഡിക്കൽ ഓഫീസർ, പാലക്കുഴ ഗ്രാമപഞ്ചായത്ത് | സ്കൈലൈൻ റിവർ സ്കേപ്പ് തോട്ടുമുഖം പി ഒ ആലുവ |
| ശ്രീമതി. ഗീതു അനിൽകുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പാലക്കുഴ ഗ്രാമപഞ്ചായത്ത് | അനീപ് ഭവൻ, എഴുമാംതുരുത്ത് പി ഒ, കോട്ടയം |
| ഡോ. സുനിത അലക്സ്, മെഡിക്കൽ ഓഫീസർ ,എഫ്എച്ച്സി | മെഡിക്കൽ ഓഫീസർ, എഫ്എച്ച്സി, പാലക്കുഴ | ഫ്ലാറ്റ് നം.31 3rd ഫ്ലോർ പുളിനാട്ട് റെസിഡൻസി, |

| | | |
|---|---|---|
| | | വെള്ളൂർക്കുന്നം, മൂവാറ്റുപുഴ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ (പി 2)92/98/17.8.1998 |
| 1997-98 | എൽ.എഫ്.ഇ (പി 2)896/2000/28.01.2000 |
| 1998-99 | എൽ.എഫ്.ഇ (പി 2)1629 /2001 /17.8.1998/19.3.2002 |
| 1999-00 | എൽ.എഫ്.ഇ (പി 2)242/03/16.06.2003 |
| 2000-01 | എൽ.എഫ്.ഇ (പി 2)1488/03/31.03.2004 |
| 2001-02, 2002-03, 2003-04, 2004-05 | എൽ.എഫ്.ഇ (പി 2)439/2005/03.08.2005 |
| 2005-06, 2006-07 | എൽ.എഫ്.ഇ പി1)1572/08/6.10.2009 |
| 2007-08, 2008-09, 2009-10, 2010-11 | എൽ.എഫ്.ഇ ((പി9)169/12/ 24.8.2012 |
| 2011-12 | എൽ.എഫ്.ഇ (പി9)1587/14/5.11.2014/11.12.2014 |
| 2012-13, 2013-14 | എൽ.എഫ്.ഇ (പി9)907/15/8.6.2015 |
| 2014-15 | കെഎസ്എ – ഇ കെ എം (പി9)1304/16/ 29.07.2016 |
| 2015-16 | കെ.എസ്എ – ഇ കെ എം (പി9)2228/16/ 30.01.2017 |
| 2016-17 | കെ.എസ്എ – ഇ കെ എം (പി9)1883/17/ 24.10.2017 |
| 2017-18 | കെ.എസ്എ – ഇ കെ എം (പി9)11/19/ 16.2.2019 |
| 2018-19 | കെഎസ്എ – ഇ കെ എം (പി9)1683/19/ 01.11.19 |
| 2019-20 | കെഎസ്എ – ഇ കെ എം (പി9)129/22 |
| 2020-21 | കെഎസ്എ – ഇ കെ എം (പി9)130/22, തി. 03.07.22 |
| 2021-22 | കെഎസ്എ – ഇ കെ എം (പി9)1607/22, തി. 07.11.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 17-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Palakuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Palakuzha Grama Panchayat for the year 2022-2023

Date: 09/10/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Palakuzha Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2.Lack of Panchayath Raj Budget rules ,adversely affecting budgetary control system.

3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

4.Non inclusion of Notes to accounts in Financial statements and non disclosure of material facts.

5.Generation of financial reports showing contradictory information due to non integration of Accounting

software with other related softwares.

**2.Other Observations**

1. Non inclusion of ratios in finacial statements
2. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents
3.Stock register does not match with financial statements
4. The EFMS amount of MNREGS is not included in financial statements

5. DCB on property tax register does not match with financial statements

6. The supporting details regarding balance in block panchayat share for joint venture projects (500,000) is not provided with the AFS.
7. Grant statement is not provided with financial statements

8. Laps in making timely demand entries in respect of tax revenue

Deputy Director
District Office Ernakulam
Kerala state Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്